# NATIONAL SERVICE SCHEME
# HIGHER SECONDARY EDUCATION
# KERALA

The Kozhikode unit of Higher Secondary National Service Scheme conducts a Road Show programme CASE 2011 – Campaign Against Seasonal Epidemic - in association with Madyamam daily on 27 & 28 July 2011. The proposed reception centres of the programme are the following. The Principals are requested to extend their co-operation for the smooth conduct of the programme.

Reception Centres Proposed

1. Govt. Model HSS, Kozhikode
2. BEM HSS
3. Zamorin's HSS, Thali
4. Calicut Girls HSS
5. MM HSS
6. Himayathul Islam HSS
7. St. Josephs HSS
8. GHSS, Karaparamba
9. NGO Quarters HSS
10. JDT Islam HSS
11. Markaz HSS
12. Kunnamangalam HSS
13. REC HSS
14. Mavoor HSS
15. Kuttikatoor HSS
16. Rahmania HSS

## CASE 2011

## (Campaign Against Seasonal Epidemic)

## <u>വർഷകാല രോഗ ബോധ വത്കരണ പരിപാടി</u>

<u>മാധ്യമം ഹെൽത്ത് കെയറും ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീമും സംയുക്തമായി സംഘടിപ്പിക്കുന്നത്.</u>

ശരീര ശുചിത്വം പോലെ പ്രധാനമാണ് പരിസര ശുചിത്വം. ശുചിത്വമില്ലാത്ത പരിസരം കൊതുക്, ഈച്ച, രോഗാണുക്കൾ എന്നിവയുടെ വളർച്ചക്ക് കാരണമാകുന്നു. ഇത് രോഗ പകർച്ചക്ക് വേഗത കൂട്ടുന്നു. രോഗങ്ങൾ കുടുംബങ്ങളുടേയും സർക്കാറിന്റേയും ബഡ്ജറ്റ് തകർക്കുന്നു. ശുദ്ധവായുവും ശുദ്ധജലവും ശുചിത്വമുള്ള ചുറ്റുപാടും ജനിച്ചുവീഴുന്ന ഓരോകുഞ്ഞിന്റേയും അവകാശമാണ്, ഇത് നൽകേണ്ടത് നമ്മുടെ ബാധ്യതയും എന്ന ബോധ്യത്തോടെ കേരളാ സർക്കാർ ഹയർ സെക്കന്ററി വിദ്യഭ്യാസ വകുപ്പ് നാഷണൽ സർവീസ് സ്കീമും മാധ്യമം ഹെൽത്ത് കെയറും സംയുക്തമായി സംഘടിപ്പിക്കുന്ന വർഷകാല

രോഗ ബോധവത്കരണ പരിപാടിയാണ് ""Case 2011"(Campaign Against Seasonal Epidemic)

**<u>നാം ചെയ്യേണ്ടത്</u>**

*പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഡിസ്പോസിബിൾ കപ്പുകൾ എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക. പകരം തുണി സഞ്ചി, പേപ്പർ ബാഗുകൾ, പേപ്പർ കപ്പുകൾ എന്നിവ ഉപയോഗിക്കുന്നത് ശീലമാക്കുക

*ഗാർഹീക മാലിന്യങ്ങൾ തരംതിരിച്ച് പ്രത്യേകമായും വിഘടനത്തിന് വിധേയമാകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റ് കുഴികളിൽ നിക്ഷേപിക്കുക.

*പ്ലാസ്റ്റിക്ക്, ഇരുമ്പ്, റബ്ബർ തുടങ്ങിയ പുന:ചംക്രമണത്തിന് വിധേയമാകുന്ന വസ്തുക്കൾ അവ ശേഖരിക്കാൻ വരുന്നവർക്ക് നൽകുക.

*വീട്ടിലും പരിസരങ്ങളിലും കൊതുക് ഈച്ച എന്നിവ വളരുവാനുള്ള എല്ലാ സാധ്യതകളും ഇല്ലാതാക്കുക. ഒരു ദിവസം ഡ്രൈ ഡേ ആയി ആചരിക്കുക.

*വീടിന്റെ പരിസരത്ത് വളരുന്ന പാഴ്ചെടികൾ വെട്ടി മാറ്റുക.

*കിണറും പരിസരവും കുടിവെള്ളവും ശുദ്ധവുമാണെന്ന് ഉറപ്പ് വരുത്തുക.

*സെപ്റ്റിക്ക് ടാങ്കുകൾക്കിടയിലെ വിടവുകൾ സിമന്റ് ഉപയോഗിച്ച് അടയ്ക്കുക.

*സെപ്റ്റിക്ക് ടാങ്കിൽ നിന്നുള്ള എക്സോസ്റ്റിംഗ് കുഴലുകൾ നെറ്റ് ഉപയോഗിച്ച് മൂടുക.

*തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക

*പഴകിയല്ലാത്ത ഭക്ഷണം മാത്രം കഴിക്കുക

**<u>അരുത്</u>**

*വീട്ടിലും പരിസരങ്ങളിലും ചപ്പുചവറുകളും മാലിന്യങ്ങളും കുന്നുകൂടി കിടക്കാൻ ഇടയാക്കരുത്.

*വസ്തുക്കൾ ഉപയോഗിച്ച ശേഷം വലിച്ചറിയുക എന്ന ശീലം ഉണ്ടാകരുത്.

*മലിനജലം കെട്ടികിടക്കാൻ ഇടയാക്കരുത്.

*കൊതുക്, ഈച്ച എന്നിവയുടെ വളർച്ചക്ക് ഇട നൽകുന്ന അവസ്ഥ ഉണ്ടാകരുത്.

*പ്ലാസ്റ്റിക്ക്ക്യാരിബാഗുകൾ, ഡിസ്പോസിബിൾ കപ്പുകൾ എന്നിവ ഉപയോഗിക്കുന്നത് ശീലമാക്കരുത്.

*വീട്ടിലും സ്ഥാപനങ്ങളിലും ഉണ്ടാക്കുന്ന മാലിന്യങ്ങൾ അന്യരുടെ സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും കൊണ്ട് പോയി തള്ളുന്ന ഹീനമായ കൃത്യം ഒരിക്കലും ചെയ്യരുത്.

*നമ്മൾ കാരണം ഉണ്ടാവുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും സംസ്കരിക്കുന്നതും മറ്റുള്ളവരുടെ ഉത്തരവാദിത്വമായി കണക്കാക്കരുത്.

Sd/-

Programme Co-ordinator